ചുമതല സംസ്ഥാനതലത്തിൽ ഒരു വകുപ്പിന്റെ കീഴിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഇതുമൂലം വിവിധ കേന്ദ്ര സംസ്ഥാനാവിഷ്കൃത പരിപാടികൾ വികേന്ദ്രീകൃത വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിനുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും ഉത്തരവുകളും ഒരു വകുപ്പിൽനിന്നുതന്നെ പുറപ്പെടുവിക്കുന്നതിനും പരിപാടികളുടെ മേൽനോട്ടം ഒരു വകുപ്പിൽനിന്നുതന്നെ നടത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ ത്രിതലപഞ്ചായത്തുകളിലെ ഉദ്യോഗസ്ഥന്മാരുടെ ഭരണപരമായ നിയന്ത്രണം ഒരു വകുപ്പിൽനിന്നു വിനിയോഗിക്കുന്നതിനും സാദ്ധ്യമായിട്ടുണ്ട്.

137 (694) വാർഡ് വിഭജനം

ശ്രീ. സി.പി. ജോഷി വൈദ്യർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല സംവിധാനത്തിൽ വാർഡ് വിഭജനം നടത്തുന്നതിന് നേരത്തെയുണ്ടായിരുന്ന സംവിധാനങ്ങൾ എന്തെല്ലാമായിരുന്നെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള വാർഡുകൾ അശാസ്ത്രീയമായാണ് രൂപീകരിച്ചതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ വാർഡുകൾ ശാസ്ത്രീയമായും കൂറ്റമറ്റതായും വിഭജിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) പുതുതായി രൂപീകരിക്കുന്ന വാർഡുകൾ എന്നേയ്ക്ക് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 6-ൽ പറയുന്ന പ്രകാരം പഞ്ചായത്തുകളുടെ അംഗസംഖ്യ നിശ്ചയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ജനസംഖ്യ ആനുപാതികമായിട്ടാണ് വാർഡ് വിഭജനം നടത്തിയിരുന്നത്.

(ബി) ഉണ്ട്.

(സി) വാർഡുകൾ ശാസ്ത്രീയമായും കൂറ്റമറ്റതായും വിഭജിക്കുന്നതിനുവേണ്ടി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനെയാണ് ഇപ്പോൾ സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ഡി) 1.10.2000-ൽ നിലവിൽ വരുന്നതാണ്.

138 (695) വാർഡ് വിഭജന നടപടികൾ

ശ്രീ. മാണി മത്തായി :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. കെ.എം. മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വാർഡ് പുനർനിർണ്ണയത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വാഡുവിഭജന നടപടികൾ എന്നത്തേയ്ക്കു പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരള പഞ്ചായത്ത്രാജ് നിയമം 10-ാം വകുപ്പനുസരിച്ച് ഓരോ പഞ്ചായത്തിനെയും അതിന് എത്ര സ്ഥാനങ്ങളുണ്ടോ അത്രയും നിയോജകമണ്ഡലങ്ങളാക്കി വിഭജിക്കേണ്ടതും അതിർത്തികൾ നിർണ്ണയിക്കേണ്ടതും സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷനോ അത് ഈ ആവശ്യത്തിലേയ്ക്കായി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആണ്. സർക്കാർ ഇപ്പോൾ പുതുക്കി നിശ്ചയിച്ച സ്ഥാനങ്ങളുടെ എണ്ണം അനുസരിച്ച് നിയോജകമണ്ഡലങ്ങളായി വിഭജിക്കുന്നതിനും അതിർത്തികൾ നിർണ്ണയിക്കുന്നതിനും അതാത് ജില്ലകളിലെ കളക്ടർമാരെ അധികാരപ്പെടുത്തി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥർ പുതുക്കി നിശ്ചയിച്ച സ്ഥാനങ്ങളുടെ എണ്ണമനുസരിച്ച് നിയോജകമണ്ഡലങ്ങളുടെ വിഭജനം നിർദ്ദേശങ്ങളുടെ കരട് 30.10.98-ൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് പഞ്ചായത്തിന്റെ നോട്ടീസ്ബോർഡിലും പഞ്ചായത്തിലെ പ്രമുഖ സ്ഥലങ്ങളിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ നിർദ്ദേശങ്ങളുടെ മൂന്നു കോപ്പികൾ വീതം ദേശീയതലത്തിലും സംസ്ഥാന തലത്തിലും അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെയും നിയമസഭയിൽ പ്രാതിനിധ്യമുള്ള മറ്റു രാഷ്ട്രീയ പാർട്ടികളുടെയും പഞ്ചായത്തുതല സമിതികൾക്ക് സൗജന്യമായി നൽകിയിട്ടുണ്ട്. കൂടാതെ കരട് പ്രസിദ്ധീകരിച്ചു എന്ന വസ്തുത ഗസറ്റിലും രണ്ട് പ്രാദേശിക പത്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇങ്ങനെ പ്രസിദ്ധീകരിച്ച കരട് നിർദ്ദേശങ്ങളിന്മേൽ ആക്ഷേപവും അഭിപ്രായവും സമർപ്പിക്കാൻ 1.11.99 മുതൽ 15.11.99 വരെ സമയം നൽകിയിരുന്നു. ഇപ്രകാരം ആക്ഷേപങ്ങളും അഭിപ്രായങ്ങളും സമർപ്പിച്ച എല്ലാപേരെയും ജില്ലാ കളക്ടർ 1.12.99 മുതൽ 20.1.2000 വരെ വിവിധ ദിവസങ്ങളിലായി നേരിൽ കേൾക്കുന്നതും അന്തിമ ഉത്തരവ് 21.1.2000-ൽ പുറപ്പെടുവിക്കുന്നതുമാണ്. മുനിസിപ്പാലിറ്റികളെ വാർഡുകളാക്കി വിഭജിക്കുന്നതിനും അതിർത്തികൾ നിർണ്ണയിക്കുന്നതിനുമുള്ള ചുമതല സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷനിൽ മാത്രമായി നിക്ഷിപ്തമാണ്. അതിനാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളെല്ലാം കമ്മീഷൻ നേരിട്ടാണ് ചെയ്യുന്നത്. മറ്റു നടപടിക്രമങ്ങൾ പഞ്ചായത്തുകളിലേതുപോലെ തന്നെയാണ്.

(ബി) രണ്ടായിരം മേയ് മാസത്തോടെ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

139 (696) പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷനുകളിലെ വാർഡ് വിഭജനം.

ശ്രീ. ടി.കെ ബാലൻ :

ശ്രീ. എ. കണാരൻ :

ശ്രീ. വോനപ്പൻ നമ്പാടൻ :

ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly